"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന് ആനുപാതികമായി ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.358/2024/LSGD തീയതി,തിരുവനന്തപുരം, 13-02-2024

---

പരാമർശം:- 1) 31/08/2017 ലെ സ.ഉ (കൈ) നം176/2017 തസ്വഭവ

2) എംപ്ലോയീസ് ഫെഡറേഷൻ @ ഇൻഫർമേഷൻ ടെക്നോളജി പ്രസിഡന്റ് 10.08.2023 ൽ സമർപ്പിച്ച നിവേദനം.

3) ഇൻഫർമേഷൻ കേരള മിഷൻചീഫ് മിഷൻ ഡയറക്ടറുടെ 04/12/2023-ലെ 3438/E4/2022/ ഐ കെ എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് 01/09/2017 പ്രാബല്യത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രസ്തുത ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ട് 6 വർഷം പിന്നിട്ടുവെന്നും ഐ.കെ. എം. ജീവനക്കാർക്ക് നിലവിൽ കൺസോളിഡേറ്റ് വേതനവും വേതനത്തിന്റെ 2% അടിസ്ഥാനമാക്കിയുള്ള വാർഷിക ഇൻക്രിമെന്റും മാത്രമാണ് ശമ്പള ആനുകൂല്യമായി നൽകുന്നതെന്നും ഈ ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന വേതനം 9-ാം ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ ബേസിക് പേയെക്കാളും കുറവാണെന്നും "ക്ഷാമബത്ത, വീട്ടുവാടകബത്ത, പേഴ്സണൽ പേ" തുടങ്ങിയവ ഒന്നും തന്നെ ഐ.കെ.എം ജീവനക്കാർക്ക് അനുവദനീയമല്ല എന്നും ചൂണ്ടിക്കാണിച്ചുകൊണ്ട്, ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശമ്പളപരിഷ്കരണം അടിയന്തിരമായി നടപ്പാക്കുന്നതിന് വേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് എംപ്ലോയീസ് ഫെഡറേഷൻ @ ഇൻഫർമേഷൻ ടെക്നോളജി പ്രസിഡന്റ്പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുകയുണ്ടായി.

2. സർക്കാരിന്റെ സമാന സ്ഥാപനങ്ങളിലെയും മറ്റ് ഇതര സ്ഥാപനങ്ങളിലെയും കരാർ, ദിവസവേതന ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവുമായി ഐ.കെ.എം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും താരതമ്യം ചെയ്യുമ്പോൾ 1/4 ശമ്പളം മാത്രമാണ് ഐ.കെ.എം ജീവനക്കാർക്ക് ലഭിക്കുന്നതെന്നും, 11.10.2022 ന് ചേർന്ന ഐ.കെ.എമ്മിന്റെ 27-ാംമത്

എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ അജണ്ട-4 ലെ തീരുമാനപ്രകാരം ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് സർക്കാരിന്റെ 11-ാം ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള അനുമതി എക്സിക്യൂട്ടീവ് കമ്മിറ്റി നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ, ഐ.കെ.എം. സൊസൈറ്റി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശമ്പളപരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കേണ്ടതിനാൽ ഐ.കെ.എം. സൊസൈറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമാണെന്ന് ഐ.കെ.എം ചീഫ് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നാം ശമ്പള പരിഷ്കരണം കമ്മീഷൻ റിപ്പോർട്ടിന് ആനുപാതികമായി ഐ.കെ.എം. സൊസൈറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ.സന്തോഷ് ബാബു ഐ.എ.എസ് (Rtd), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ(i/c) ഇൻഫർമേഷൻ കേരള മിഷൻ-കമ്മിറ്റി ചെയർമാൻ
2. ശ്രീമതി. ടിമ്പിൾ മാഗി പി എസ്, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, ഇൻഫർമേഷൻ കേരള മിഷൻ (പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടർ)-കൺവീനർ
3. ശ്രീ. അനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, (ഐ.കെ.എം. എക്സിക്യൂട്ടീവ് കമ്മിറ്റി പ്രതിനിധി) ധനകാര്യ വകുപ്പ്, ഗവ . സെക്രട്ടേറിയേറ്റ്
4. ശ്രീ. അനിൽ കുമാർ.ജി, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗവ . സെക്രട്ടേറിയേറ്റ്.
5. ശ്രീ. ആന്റോ എം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ (ഡെപ്യൂട്ടേഷൻ -ഡെപ്യൂട്ടി സെക്രട്ടറി, ഗവ .സെക്രട്ടേറിയേറ്റ് )
6. ശ്രീ. സജീവ്. എസ്, പർച്ചേയ്സ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ (ഡെപ്യൂട്ടേഷൻ- ഡെപ്യൂട്ടി സെക്രട്ടറി, ഗവ. സെക്രട്ടേറിയേറ്റ് )

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) ഇൻഫർമേഷൻ കേരള മിഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കമ്മിറ്റി അംഗങ്ങൾ C Through IKM)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/112/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Bindu S
Date: 13-02-2024 15:10:15
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയം ഭരണ , എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്ക്.